(എഫ്) 2000-2001 സാമ്പത്തിക വർഷത്തിൽ.

(ജി) അത്യാവശ്യത്തിന് ഫണ്ട് മതിയാകുന്നതാണ്.

(എച്ച്) ബാധകമല്ല.

മരച്ചീനികൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നടപടി

* 19 [592] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, യു. സി. രാമൻ:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, വി. കെ. ഇബ്രാഹിംകുഞ്ഞ്:
,, പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷി സ്വയംപര്യാപ്തമല്ലാത്തതിനാൽ മരച്ചീനി കൃഷി പ്രോൽസാഹിപ്പിക്കുന്നതിന് നടപടിയെടുക്കുന്നുണ്ടോ;

(ബി) കേരളീയർക്ക് ഇഷ്ടപ്പെട്ട ആഹാരവും വിവിധ വ്യാവസായിക ഉപയോഗവുമുള്ള മരച്ചീനിയുടെ ഉൽപ്പാദനം സംസ്ഥാനത്ത് വർദ്ധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

കൃഷിയും കയറും വകുപ്പ് മന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ—സി) 2000-2001-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 1,14,609 ഹെക്ടർ സ്ഥലത്ത് മരച്ചീനി കൃഷി ചെയ്യുന്നു. ഇതിൽനിന്നും 25.869 ലക്ഷം ടൺ മരച്ചീനി ഉൽപ്പാദിപ്പിക്കുന്നു. ഈ ആഭ്യന്തര ഉൽപ്പാദനം നിലവിൽ സംസ്ഥാനത്തെ ജനങ്ങൾക്ക് ധാരാളമായി ഉപയോഗിക്കുന്നതിനും വ്യാവസായിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും പര്യാപ്തമാണെന്നാണ് മനസ്സിലാക്കുന്നത്. എന്നിരുന്നാലും ഇതിന്റെ കയറ്റുമതി സാദ്ധ്യത കണക്കിലെടുത്ത് കാർഷിക കയറ്റുമതിമേഖലയിൽ ഉൾപ്പെടുത്തി ഉൽപ്പാദനം വർദ്ധിപ്പിച്ച് കയറ്റുമതി നടത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിന്റെ വിശദാംശങ്ങൾക്ക് അന്തിമരൂപമായിട്ടില്ല.

അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ലഭ്യമാക്കാൻ നടപടി

* 20 [593] ശ്രീ. പിരപ്പൻകോട് മുരളി:
,, കെ. രാധാകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനും അവ യഥാസമയം കൃഷിക്കാർക്ക് വിതരണം ചെയ്യുന്നതിനും നിലവിലുള്ള സംവിധാനം എന്താണെന്നു പറയാമോ;

(സി) അത്യുൽപ്പാദനശേഷിയുള്ള ഏതെല്ലാം വിത്തിനങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ സുലഭമാക്കാൻ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) കാർഷിക സർവ്വകലാശാലയുടെ ഗവേഷണത്തിന്റെ ഫലമായി ഏതെല്ലാം അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കൃഷിയും കയറും വകുപ്പ് മന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ):

(എ) കാർഷികമേഖലയിൽ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾക്ക് കുറവുവന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്ത് നെൽവിത്തുവിതരണ അതോറിറ്റിയുടെ മേൽനോട്ടത്തിൽ അത്യുൽപ്പാദനശേഷിയുള്ള വിത്തിന്റെ ഉൽപ്പാദനം, സംസ്കരണം, സംഭരണം, വിതരണം എന്നിവ നടത്താനുള്ള സംവിധാനം നിലവിലുണ്ട്.

(സി) അത്യുൽപ്പാദനശേഷിയുള്ള ജ്യോതി, ത്രിവേണി, ഐശ്വര്യാ, കാഞ്ചന, കൈരളി, പഞ്ചമി, പവിത്ര, രേവതി, ഹർഷ, ഉമ, രമണിക, ആതിര മുതലായ നെൽവിത്തിനങ്ങളും വിവിധ പച്ചക്കറിവിത്തിനങ്ങളും ഉൽപ്പാദിപ്പിച്ച് ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(ഡി) ഉണ്ട്. സംസ്ഥാനത്തിന് ആവശ്യമായ അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ സംസ്ഥാനത്തുതന്നെ ഉൽപ്പാദിപ്പിച്ചു വിതരണം നടത്തുന്നതിനായി രജിസ്ട്രേഡ് വിത്തുൽപ്പാദന രീതി നടപ്പിലാക്കുന്നുണ്ട്. ഇതിലേക്കായി ഈ വർഷം 140 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. 3500 ഹെക്ടർ സ്ഥലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നു. അത്യുൽപ്പാദനശേഷിയുള്ള വിത്ത് (ബ്രിസർസീഡ്) കാർഷിക സർവ്വകലാശാലയിൽനിന്നും വാങ്ങി സംസ്ഥാന ഫാമുകളിൽ എഫ്. എസ്. 1, എഫ്. എസ്. 2 (അടിസ്ഥാനവിത്തുകൾ) വിത്തുകളായി വർദ്ധിപ്പിക്കുന്നു. ഈ വിത്തുകൾ തെരഞ്ഞെടുത്ത കർഷകരുടെ സ്ഥലത്ത് സർട്ടിഫൈഡ് വിത്തുൽപ്പാദനത്തിനു സൗജന്യമായി നൽകുന്നു. കൃഷി ഉദ്യോഗസ്ഥന്മാരുടെ മേൽനോട്ടത്തിൽ ഉൽപ്പാദിപ്പിക്കുന്ന വിത്ത് കേരള വിത്തുവികസന അതോറിറ്റി വഴി സംഭരിച്ച് സംസ്കരിച്ച് കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കാർഷിക സർവ്വകലാശാലയുടെ ഗവേഷണഫലമായി ഓരോ വിളയിലും പുറത്തിറക്കിയിട്ടുള്ള ഇനങ്ങൾ ചുവടെ ചേർക്കുന്നു:

വിള		ഇനങ്ങളുടെ എണ്ണം
നെല്ല്	..	54
പച്ചക്കറി ഇനങ്ങൾ	..	45
തെങ്ങ്	..	6
കശുമാവ്	..	14
കൊക്കോ	..	10
സുഗന്ധവ്യഞ്ജനങ്ങൾ	..	15
എണ്ണക്കുരുക്കൾ	..	12
പയറുവർഗ്ഗങ്ങൾ	..	6
കുരിമ്പ്	..	4
വാഴ	..	2
കിഴങ്ങുവർഗ്ഗങ്ങൾ	..	5
മരുന്നുചെടികൾ	..	3
തീറ്റപ്പുല്ല്	..	2

ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം പാലിക്കാൻ നടപടി

* 21 [594] ശ്രീ. എ. എൻ . രാജൻ ബാബു:
„ കെ. കെ. ഷാജു:
„ ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം പാലിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സംവരണം പാലിക്കുന്നുണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇല്ലെങ്കിൽ ദേവസ്വം ബോർഡിൽ ഇനി നടത്താൻ പോകുന്ന മുഴുവൻ നിയമനങ്ങളിലും സംവരണം പാലിക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ എന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പ്മന്ത്രി (ശ്രീ.ജി.കാർത്തികേയൻ):

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ ഇപ്പോൾ സംവരണം ഏർപ്പെടുത്തിയിട്ടില്ല. കൊച്ചിൻ ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ സംവരണം പാലിച്ചുവരുന്നുണ്ട്.

(ബി) കൊച്ചിൻ ദേവസ്വം ബോർഡിൽ പുതിയ നിയമനങ്ങളിലും ഉയർന്ന തസ്തികയിലേക്കുള്ള പ്രൊമോഷനിലും പത്ത് ശതമാനം തസ്തികകൾ പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്കായി സംവരണം ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly